"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ്- കണ്ണൂർ ജില്ല മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രം- റിവോൾവിംഗ് ഫണ്ട് റീ ക്ലൂപ്പ് ചെയ്യുന്നത് - അനുമതി നല്കി ഉത്തരവാകുന്നു.

---

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.376/2025/AHD തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-

1. G.O (Rt)No.2633/08/AD തീയതി 12.12.2008
2. G.O(Rt) No.1557/09/Fin തീയതി 05.03.2009
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 29.10.2009-ലെ H3/3788/2008 , 17.03.2025-ലെ എ എച്ച് ഡി/ 1287/2022 -എച്ച് 1 നം കത്തുകൾ .

**ഉത്തരവ്**

സംസ്ഥാനത്തെ പൗൾട്രി & ഡക്ക് ഫാമുകളുടെ അടിയന്തര പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ 80% CSS പദ്ധതി പ്രകാരം 2403-103-86 (P) ശീർഷകത്തിൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചുകൊണ്ട് പരാമർശം (1) , (2) പ്രകാരം ഉത്തരവായിരുന്നു. ഈ ഫണ്ടിന്റെ പ്രവർത്തനത്തിനായി ബന്ധപ്പെട്ട ഫാമുകളിൽ പ്രത്യേക STSB അക്കൗണ്ടുകൾ ആരംഭിച്ച്, അവയുടെ പ്രവർത്തന രീതി സംബന്ധിച്ച് പരാമർശം (3) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

2. റിവോൾവിംഗ് ഫണ്ടിൽ നിന്നും ഫാമുകളിലേക്ക് ആവശ്യമായ പാരന്റ് സ്റ്റോക്ക് പർച്ചേയ്സിനായും അനുബന്ധ ചെലവുകൾക്കായും തുക വിനിയോഗിക്കാറുണ്ടെന്നും, പിന്നീട് 2403-00-102-81-00-34-03-PV ശീർഷകത്തിൽ (മാതൃപിതൃശേഖരം, തീറ്റ, തീറ്റഘടകങ്ങൾ, തീറ്റപ്പുൽ, പോഷകദ്രവ്യങ്ങൾ, മരുന്നുകൾ, ബയോളജിക്കൽസ്) നിന്ന് ഈ തുക റീ-ക്ലൂപ്പ് ചെയ്യുകയാണ് പതിവെന്നും കൂടാതെ, ഫാമുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് അത്യാവശ്യമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (3) - പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാമുകളിൽ നിന്നുള്ള യാതൊരു വരുമാനവും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാറില്ലെന്നും, വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ (പ്രധാനമായും ഏപ്രിൽ, മെയ് മാസങ്ങളിൽ) ഫാമിലേക്കാവശ്യമായ പർച്ചേയ്സുകൾ നടത്തുന്നതിനായി ഈ ഫണ്ട് വിനിയോഗിക്കുക മാത്രമാണ് ചെയ്യാറുള്ളതെന്നും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൗൾട്രി ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി റിവോൾവിംഗ് ഫണ്ട് ടി ഫാമുകളിൽ നിലനിർത്തേണ്ടത് അത്യാവശ്യമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആകയാൽ ഫണ്ടിന്റെ അഭാവം കാരണം റിവോൾവിംഗ് ഫണ്ടിൽ നിന്നും

പല വർഷങ്ങളിലായി ചെലവഴിച്ച 14,53,237/- (പതിനാല് ലക്ഷത്തി അമ്പത്തി മൂന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) രൂപ ഫാമിന്റെ റിവോൾവിംഗ് അക്കൗണ്ടിലേയ്ക്ക് റീ ക്രൂപ്പ് ചെയ്യുന്നതിനുള്ള അനുമതി നല്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തിലുള്ള പൗൾട്രി & ഡക്ക് ഫാമുകളുടെ അടിയന്തരമായുള്ള പ്രവർത്തനങ്ങൾക്കായാണ് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചത് എന്നതിനാൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൗൾട്രി ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി റിവോൾവിംഗ് ഫണ്ടിൽ നിന്നും പല വർഷങ്ങളിലായി ചെലവഴിച്ച 14,53,237/- രൂപ ഫാമിന്റെ റിവോൾവിംഗ് അക്കൗണ്ടിലേയ്ക്ക് റീ ക്രൂപ്പ് ചെയ്യുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E 2900874 - AgriB1/411/2024-FIN dated 3/6/2025)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ; വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Resmi R S
Date: 13-06-2025 16:17:22
സെക്ഷൻ ഓഫീസർ